# ലാന്റ് റവന്യൂ കമ്മീഷണറുടെ നടപടിക്രമം

*(പബ്ലിക് ആഫീസ് ബിൽഡിംഗ്, മ്യൂസിയം ജംഗ്ഷൻ, തിരുവനന്തപുരം-33)*

(ഹാജർ : ശ്രീ.കെ.ആർ.മുരളീധരൻ, ഐ.എ.എസ്)

**എൽ.ആർ.ടി(2) - 2002/2011(1)** **തീയതി : 07-05-2011**

വിഷയം :- 10-09-1984-മുതൽ 31-10-1998 വരെയുള്ള എച്ച്.സി/ആർ.ഐ മാരുടെ അന്തിമ സീനിയോരിറ്റി ലിസ്റ്റ് പ്രസിദ്ധീകരിച്ച് ഉത്തരവാകുന്നത് - സംബന്ധിച്ച്.

വായന :-

01. ബഹു. കേരള ഹൈക്കോടതിയുടെ 789/88 നമ്പർ റിട്ട് അപ്പീലിലേയും അനുബന്ധ കേസുകളിലേയും 21-03-1991 ലെ വിധിന്യായം
02. ബഹു. കേരള ഹൈക്കോടതിയുടെ 162/91 റിട്ട് അപ്പീലിലേയും അനുബന്ധ കേസുകളിലേയും 06-04-1995 ലെ വിധിന്യായം
03. ബഹു. കേരള ഹൈക്കോടതിയുടെ ഒ.പി. 22276/98 നമ്പർ കേസിലേയും അനുബന്ധ കേസുകളിലേയും 14-09-1999 ലെ വിധിന്യായം
04. ബഹു. കേരള ഹൈക്കോടതിയുടെ 19076/2008 നമ്പർ സിവിൽ റിട്ട് ഹർജിയിലെ 26-03-2009 ലെ വിധിന്യായം
05. ബഹു. കേരള ഹൈക്കോടതിയുടെ റിട്ട് അപ്പീൽ 116/2011 നമ്പർ കേസിലെ 27-01-2011 ലെ വിധിന്യായം
06. ജി.ഒ.(എം.സ്) നം.68/08/ആർ.ഡി. തീയതി 28-03-2008 നമ്പർ സർക്കാർ ഉത്തരവ്.
07. ജി.ഒ.(എം.എസ്) നം.376/08/ആർ.ഡി. തീയതി 04-11-2008 നമ്പർ സർക്കാർ ഉത്തരവ്.
08. ജി.ഒ.(എം.എസ്) നം.242/09/ആർ.ഡി. തീയതി 24-06-2009 നമ്പർ സർക്കാർ ഉത്തരവ്.
09. ജി.ഒ.(ആർ.ടി) 2136/2011/ആർ.ഡി തീയതി 31-03-2011 സർക്കാർ ഉത്തരവ്.
10. 01-01-1999 മുതൽ 31-12-2000 വരെയുള്ള HC/RI/VO മാരുടെ ഒഴിവുകൾ നിർണ്ണയിച്ചുക്കൊണ്ടുള്ള ലാന്റ് റവന്യു ഡെപ്യൂട്ടി കമ്മീഷണറുടെ 13-10-2003 ലെ എൽ.ആർ ടി (2)-21059/2001 നമ്പർ സ്റ്റേറ്റ്മെന്റ്.
11. ലാന്റ് റവന്യൂ കമ്മീഷണറുടെ 04-07-2006 ലെ എൽ.ആർ.റ്റി(2)-50288/2004 നമ്പർ നടപടിക്രമം പ്രകാരം പ്രസിദ്ധീകരിച്ച 01-01-2001 മുതൽ 31-12-2003 വരെയുള്ള HC/RI/VO മാരുടെ ഒഴിവുവിവരം.
12. ലാന്റ് റവന്യൂ അഡീ.കമ്മീഷണറുടെ 24-11-2008 ലെ എൽ.ആർ.റ്റി (2)-43297/2006 നമ്പർ നടപടിക്രമം പ്രകാരം പ്രസിദ്ധീകരിച്ച 01-01-2004 മുതൽ 31-12-2005 വരെയുള്ള HC/RI/VO മാരുടെ ഒഴിവുവിവരം.
13. 19800/C3/08/ആർ.ഡി. തീയതി 31-07-2009 നമ്പർ സർക്കാർ കത്ത്.
14. ജി.ഒ.(ആർ.ടി) നം.4630/2010 തീയതി 14-10-2010 സർക്കാർ ഉത്തരവ്.

15. ലാന്റ് റവന്യൂ കമ്മീഷണറുടെ 04-07-2003 ലെ എൽ.ആർ.റ്റി (3)-24471/03 നമ്പർ നടപടിക്രമം പ്രകാരം പ്രസിദ്ധീകരിച്ച 10-09-1984 ലെ UDC/VO മാരുടെ സംസ്ഥാനതല അന്തിമ സീനിയോരിറ്റി ലിസ്റ്റ്.
16. ലാന്റ് റവന്യൂ കമ്മീഷണറുടെ 16-04-2011 ലെ എൽ.ആർ.റ്റി(3)-2003/2011(1) നമ്പർ നടപടിക്രമം പ്രകാരം പ്രസിദ്ധീകരിച്ച 10-09-1984 മുതൽ 31-10-1998 വരെയുള്ള UDC/VO മാരുടെ സംസ്ഥാനതല അന്തിമ സീനിയോരിറ്റി ലിസ്റ്റ്.
17. ലാന്റ് റവന്യൂ കമ്മീഷണറുടെ 16-04-2011 ലെ എൽ.ആർ.റ്റി(3)-2003/2011 (2) നമ്പർ നടപടിക്രമം പ്രകാരം പ്രസിദ്ധീകരിച്ച 01-11-1998 മുതൽ 30-06-2004 വരെയുള്ള UDC/SVO മാരുടെ സംസ്ഥാനതല അന്തിമ സീനിയോരിറ്റി ലിസ്റ്റ്.
18. ലാന്റ് റവന്യൂ കമ്മീഷണറുടെ 31-01-2011 ലെ എൽ.ആർ.റ്റി(2)-2002/2011(1) നമ്പർ നടപടിക്രമം പ്രകാരം പ്രസിദ്ധീകരിച്ച 10-09-1984 മുതൽ 31-10-1998 വരെയുള്ള HC/RI മാരുടെ സംസ്ഥാനതല താല്ക്കാലിക സീനിയോരിറ്റി ലിസ്റ്റ്.
19. ലാന്റ് റവന്യൂ കമ്മീഷണറുടെ 31-01-2011 ലെ എൽ.ആർ.റ്റി(2)-2002/2011(2) നമ്പർ നടപടിക്രമം പ്രകാരം പ്രസിദ്ധീ കരിച്ച 01-11-1998 മുതൽ 31-12-2005 വരെയുള്ള HC/RI/VO മാരുടെ സംസ്ഥാനതല താല്ക്കാലിക സീനിയോരിറ്റി ലിസ്റ്റ്.
20. ലാന്റ് റവന്യൂ കമ്മീഷണറുടെ 06-05-2011 ലെ എൽ.ആർ.ഇ(7) -16931/2011(1) നമ്പർ നടപടിക്രമം.

ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയുടെ വായന 4 - പ്രകാരമുള്ള വിധിന്യായത്തിൽ, വായന 1 ലെ വിധിന്യായത്തിൽ ഉത്തരവായത് പ്രകാരം ഡെപ്യൂട്ടി തഹസീൽദാർ തസ്തികയുടെ ഫീഡർ കാറ്റഗറികളുടെ സംസ്ഥാനതല സീനിയോരിറ്റി ലിസ്റ്റുകൾ തയ്യാറാക്കുവാൻ സർക്കാരിനും ലാന്റ് റവന്യു കമ്മീഷണർക്കും നിർദ്ദേശം നൽകിയിരുന്നു. വിധിപ്പകർപ്പ് ലഭിച്ച് ആറ് മാസത്തിനുള്ളിൽ സീനിയോരിറ്റി ലിസ്റ്റുകൾ തയ്യാറാക്കുവാനായിരുന്നു ഉത്തരവായിരുന്നത്. വായന 4 ലെ വിധിന്യായം നടപ്പിലാക്കുന്നതിനുള്ള സമയ പരിധി IA.NO.14575/2010 in WP(C).No.19076/2008(U) തീയതി 08-03-2011 ഉത്തരവ് പ്രകാരം 17-04-2011 വരെ ദീർഘിപ്പിച്ചു നൽകിയിട്ടുണ്ട്.

വായന (18) പ്രകാരം 10-09-1984-മുതൽ 31-10-1998 വരെയുള്ള എച്ച്.സി/ആർ.ഐമാരുടെ സംസ്ഥാനതല താൽകാലിക സീനിയോറിറ്റി ലിസ്റ്റ് പ്രസിദ്ധീ കരിച്ചിട്ടുള്ളതാണ്. പ്രസ്തുത സീനിയോറിറ്റി ലിസ്റ്റിന്മേൽ ജീവനക്കാർക്കുള്ള ആക്ഷേ പങ്ങളും അവകാശവാദങ്ങളും ബന്ധപ്പെട്ട ചട്ടങ്ങളുടേയും സർക്കാർ ഉത്തരവുകളുടേയും കോടതി വിധിന്യായങ്ങളുടേയും അടിസ്ഥാനത്തിൽ വിശദമായി പരിശോധിച്ചും പരാതി ക്കാരെ നേരിൽ കേട്ടും തീർപ്പാക്കിയിട്ടുള്ളതാണ്.

വായന (09) ലെ സർക്കാർ ഉത്തരവിൽ 12-7-1989 മുതൽ 12-8-1996 വരെ സർവ്വീസിൽ പ്രവേശിച്ച ജീവനക്കാർക്ക് ചെയിൻസർവ്വെ പരീക്ഷ വിജയിക്കുന്നതിന് 30-6-2011-വരെ സമയം അനുവദിച്ചിട്ടുണ്ട്. ടി കാലയളവിനുള്ളിൽ സർവ്വീസിൽ പ്രവേശിച്ച് ചെയിൻസർവ്വെ പരീക്ഷ വിജയിച്ചിട്ടില്ലാത്ത ജീവനക്കാരെ താൽക്കാലികമായി സീനിയോരിറ്റി ലിസ്റ്റുകളിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. നിശ്ചിത സമയപരിധിയ്ക്കുള്ളിൽ ചെയിൻസർവ്വേ പരീക്ഷ വിജയിക്കാത്തപക്ഷം ടി ജീവനക്കാരെ തരംതാഴ്ത്തുന്നതും തദനുസരണം സീനിയോറിറ്റി ലിസ്റ്റിൽ നിന്നും ഒഴിവാക്കുന്നതുമാണ്.

വായന (20) പ്രകാരം, 10-09-1984 മുതൽ 31-10-1998 വരെയുള്ള എച്ച്.സി/ആർ.ഐ താത്കാലിക പ്രൊമോഷനുകൾ - കെ.എസ്. & എസ്.എസ്.ആർ റൂൾ 28 ബി (ii) പ്രകാരം ക്രമീകരിച്ചുകൊണ്ടു ഉത്തരവായിട്ടുള്ളതാണ്. അതനുസരിച്ച് തയ്യാറാക്കിയിട്ടുള്ള 10-09-1984 മുതൽ 31-10-1998 വരെയുള്ള എച്ച്.സി/ആർ.ഐമാരുടെ സംസ്ഥാനതല അന്തിമ സീനിയോറിറ്റി ലിസ്റ്റ് അനുബന്ധമായി ചേർത്ത് ഇതിനാൽ പ്രസിദ്ധീകരിച്ച് ഉത്തരവാകുന്നു.

ഈ ലിസ്റ്റിന്റെ അടിസ്ഥാനത്തിലുള്ള തുടർ നടപടികൾ ഇതുമായി ബന്ധപ്പെട്ട് ബഹു: ഹൈക്കോടതിയിൽ നിലനിൽക്കുന്ന കേസുകളുടെ അന്തിമവിധിക്ക് വിധേയമായിരിക്കും.

ജില്ലാ കളക്ടർമാർ/ആഫീസ് മേധാവികൾ ബന്ധപ്പെട്ട എല്ലാ ജീവനക്കാർക്കും ലിസ്റ്റ് പരിശോധിക്കുവാൻ അവസരം ഒരുക്കേണ്ടതും ലിസ്റ്റ് പരസ്യപ്പെടുത്തിയതിനുള്ള സാക്ഷ്യപത്രം 15 ദിവസത്തിനുള്ളിൽ അയച്ചു തരേണ്ടതുമാണ്.

( ഒപ്പ് )
കമ്മീഷണർ ലാന്റ് റവന്യൂ.

<u>**പകർപ്പ് :**</u>

1) അഡീഷണൽ ചീഫ് സെക്രട്ടറി, റവന്യൂ വകുപ്പ്, സെക്രട്ടറിയേറ്റ്, തിരുവനന്തപുരം (ആമുഖകത്ത് സഹിതം)
2) അഡ്വക്കേറ്റ് ജനറൽ, എറണാകുളം. (ആമുഖ കത്ത് സഹിതം)
3) എല്ലാ ജില്ലാ കളക്ടർമാർക്കും
4) സെക്രട്ടറി, ലാന്റ് ബോർഡ്, തിരുവനന്തപുരം.
5) ഡയറക്ടർ, ഐ.എൽ.ഡി.എം, പി.റ്റി.പി.നഗർ, തിരുവനന്തപുരം.
6) ഡയറക്ടർ, സർവ്വെ & ലാന്റ് റിക്കാർഡ്സ്, തിരുവനന്തപുരം
7) ഡെപ്യൂട്ടി കളക്ടർ, വിജിലൻസ്, ഉത്തര/ദക്ഷിണ/മദ്ധ്യ മേഖല.
8) കമ്മീഷണറുടെ സി.എ.യ്ക്ക്.
9) അഡീഷണൽ കമ്മീഷണറുടെ സി.എ.യ്ക്ക്.
10) അസിസ്റ്റന്റ് കമ്മീഷണർ (ആർ.ഇ)
11) സൂപ്രണ്ട്, ഇ/ജി സെക്ഷൻ

ഉത്തരവിൻ പ്രകാരം

സീനിയർ സൂപ്രണ്ട് (റ്റി സെക്ഷൻ)